**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** **09-10-2024 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക്ക്/പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്ക്/പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസവും സുരക്ഷിതവും സൗജന്യവുമായ താമസവും മെച്ചപ്പെട്ട പഠനാന്തരീക്ഷവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പിന് കീഴിൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ച് വരുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് എല്ലാ ജില്ലകളിലും ഹോസ്റ്റൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലഭ്യമാകുന്ന പ്രൊപ്പോസലുകളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അനുമതി നൽകുന്നുണ്ട്. കൂടാതെ ജില്ലാ ഓഫീസർമാർ, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ഹോസ്റ്റലുകൾ സന്ദർശിച്ച്, ലഭ്യമാക്കുന്ന അറ്റകുറ്റപണികളുടെയും നവീകരണ പ്രവർത്തികളുടെയും എസ്റ്റിമേറ്റുകൾ പരിശോധിച്ച് ഡയറക്ടറേറ്റ് തലത്തിലും, സർക്കാർ തലത്തിലും അനുമതി ലഭ്യമാക്കി പ്രസ്തുത സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തികൾ നിർവ്വഹിച്ച് വരുന്നു. കൂടാതെ ഹോസ്റ്റലുകളിലേയ്ക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ, കിടക്കകൾ, തലയിണകൾ, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എന്നിവയും ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഹോസ്റ്റലുകളുടെ നവീകരണത്തിനായി യുണിസെഫ് നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ സാമ്പത്തിക വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | വകുപ്പിന് കീഴിൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ മികച്ച നിലവാരത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി 2024-25 സാമ്പത്തിക വർഷം 2225-02-277-52- റവന്യൂ ശീർഷകത്തിൽ 4.5 കോടി രൂപയും, 4225-02-277- |

| | | | |
|---|---|---|---|
| | | | 43- ക്യാപ്പിറ്റൽ ശീർഷകത്തിൽ 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ